ലക്കം 1

28 നവംബർ 2023



# വിദ്യാദീപം



* രാമവിലാസം മലയാളം കൂട്ടായ്മ മുഖ പത്രം * ' വിദ്യാദീപം ' * മലയാളവിഭാഗം * രാമവിലാസം ചൊക്ലി *

## പ്രൗഢം അനുപമം
## രാമവിലാസത്തിന്റെ വിജയഗാഥ



വിജയോത്സവത്തിൽ പ്രതിഭകൾക്കുള്ള സമ്മാന വിതരണത്തിനായി ഒരുങ്ങി രാമവിലാസം

### ആവേശക്കൊടുമുടിയിൽ
### വിജയോത്സവം

ഈ അധ്യയനവർഷം രാമവിലാസത്തിന് അഭിമാനകരമായ വിജയക്കുതിപ്പിന്റെ കാലം . സബ്ജില്ലാ കലോത്സവത്തിൽ ഹയർ സെക്കന്ററിവിഭാഗം ചാമ്പ്യൻഷിപ്പ് , ഹൈസ്കൂൾ വിഭാഗം ചാമ്പ്യൻഷിപ്പ് , യു പി വിഭാഗം റണ്ണേഴ്സ് അപ്പ് , അറബിക് റണ്ണേഴ്സ് അപ്പ് എന്നിവ വിദ്യാലയം കരസ്ഥമാക്കി . ശാസ്ത്രമേളയിലും , ഗണിതശാസ്ത്രമേളയിലും , പ്രവൃത്തിപരിചയമേളയിലും , ഐ ടി മേളയിലും ഉപജില്ലാ ചാമ്പ്യൻ പട്ടം രാമവിലാസത്തിനാണ് . കായികരംഗത്തും വിദ്യാലയത്തിൻറെ താരങ്ങൾ മികച്ച പ്രകടനം കാഴ്ചവെച്ചു . വോളിബോൾ , ഫുട്ബോൾ , ബാറ്റ്മിന്റൺ എന്നിവയിലും സബ് ജില്ലാ - ജില്ലാ തലങ്ങളിൽ വിദ്യാലയം തിളക്കമാർന്ന പ്രകടനം കാഴ്ചവച്ചു . വിവിധ ചാമ്പ്യൻഷിപ്പുകൾ നേടിയ വിദ്യാർഥികളെ അനുമോദിക്കുന്നതിനായി വിദ്യാലയത്തിൽ വിജയോത്സവം സംഘടിപ്പിച്ചു .



ഉപജില്ലാ കലോത്സവം

### കലാകിരീടം രാമവിലാസത്തിന്

ചൊക്ലി ഉപജില്ലാ കലോത്സവത്തിൽ രാമവിലാസം ഓവറോൾ ചാമ്പ്യൻഷിപ്പ് നേടി .ഹൈസ്കൂൾ ,ഹയർ സെക്കന്ററി വിഭാഗങ്ങളിൽ ഒന്നാം സ്ഥാനവും ,യു പി, അറബിക് കലോത്സവത്തിൽ റണ്ണറപ്പുമായി മിന്നുന്ന പ്രകടനത്തോടെയാണ് വിദ്യാലയത്തിന്റെ തിളങ്ങുന്ന വിജയം .



എൻ സി സി ഗ്രൂപ്പ് കമാന്റർ ബ്രിഗേഡിയർ ശ്രീ ഡി കെ പടയെ വിദ്യാലയത്തിൽ സ്വീകരിച്ചപ്പോൾ

### സംസ്ഥാനതലത്തിലേക്ക്



ജില്ലാപ്രവൃത്തിപരിചയമേളയിൽ അഗർബത്തി നിർമ്മാണത്തിൽ ജില്ലയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി സംസ്ഥാനമേളയിൽ മത്സരിക്കാൻ അർഹത നേടിയ അഷിനന്ദ് പി



ചൊക്ലി ഉപജില്ലാ കലോത്സവം ഓവറോൾ ചാമ്പ്യൻഷിപ്പ് നേടിയ രാമവിലാസം ട്രോഫി ഏറ്റുവാങ്ങുന്നു.

## വിദ്യാലയാന്തരീക്ഷം സർഗാത്മകമാകട്ടെ

അറിവ് നിർമ്മാണത്തിൽ നിന്ന് സാമൂഹ്യജ്ഞാനനിർമ്മിതിയുടെ ഇടങ്ങളായി തിരിച്ചറിയപ്പെട്ട കാലത്ത് വിദ്യാലയാന്തരീക്ഷം മികവിന്റെ കേന്ദ്രങ്ങളായി മാറി . ഇൻഫർമേഷൻ ടെക്നോളജി സാങ്കേതിക സൗകര്യങ്ങളിലൂടെ നടത്തിയ ഇടപെടലുകളും ചലനങ്ങളും വിദ്യാഭ്യാസമേഖലയിൽ ഗുണപരമായ ഏറെ മാറ്റങ്ങൾക്ക് വഴിയൊരുക്കി . ഗൂഗിൾ വഴി വിവരങ്ങളും സാഹിത്യകാരന്മാരുടെ മുഖങ്ങളും, അഭിമുഖങ്ങളുമൊക്കെ അല്പാല്പമായി ക്ലാസുമുറികളിലെത്തി .ലിറ്റിൽ കൈറ്റ്സിലൂടെ സാങ്കേതിക വിദ്യ ഉപയോഗിക്കാൻ സാധിക്കുന്ന കു ട്ടികളെ വളർത്തിയെടുത്തു . ഇത് നിർമ്മിത ബുദ്ധിയുടെ(ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ) കാലം . നാളിതുവരെയുള്ള അറിവുശേഖരണത്തിൽ നിന്ന് ഉപജ്ഞാതാവില്ലാത്ത അറിവുകൾ ശാസ്ത്ര-സാഹിത്യമേഖലകളായുമെല്ലാം ബന്ധപ്പെട്ട് ലഭ്യമാകും . ഇഷ്ടമുള്ളതെല്ലാം സ്വതന്ത്രമായി ഭക്ഷിക്കാവുന്ന തുറന്ന കലവറകളിലേക്ക് ചാറ്റ് ജി പി ടി പോലുള്ളവ വിദ്യാർഥികളെ സ്വാഗതം ചെയ്യും . യാന്ത്രികമായി അറിവുകൾ ശേഖരിക്കുന്ന നിലയിലേക്ക് വിദ്യാർഥികൾ നയിക്കപ്പെടും .കുട്ടിയിലെ ആത്മീയവും ഭൗതികവുമായ കഴിവുകളെ പുറത്തേക്ക് കൊണ്ടുവരലായിരിക്കണം വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യമെന്ന ഗാന്ധിജിയേപ്പോലുള്ള മഹാന്മാരുടെ ഉന്നതമായ കാഴ്ചപ്പാട് പാലിക്കാനാകാതെ വരും .അറിവു നിർമ്മാണവും സാമൂഹ്യജ്ഞാനനിർമ്മിതിയും പോലുള്ള ചുവടുകൾ ചോദ്യം ചെയ്യപ്പെടുന്ന കാലം കൂടിയാണ് വരാൻ പോകുന്നത് .വിദ്യാലയങ്ങളിൽ ജൈവികമായ പഠനപരിസരങ്ങൾ നിലനിർത്തേണ്ടതുണ്ട് . ഇതിനായി സർഗാത്മകവിദ്യാലയാന്തരീക്ഷം വളർ ത്തിയെടുക്കണം . ഭാവിപൗരന്മാരായ കുട്ടികൾ വായനയിലൂടെയും സർഗപ്രവർത്തനങ്ങളിലൂടെയും സ്വതന്ത്രരായി വളരട്ടെ .




മലയാളനാടകം ഒന്നാം സ്ഥാനം എ ഗ്രേഡ്

## വിദ്യാരംഗം ഉപജില്ലാ സർഗോത്സവത്തിൽ കഥയിലും , അഭിനയത്തിലും തിളങ്ങി രാമവിലാസം



**ചൊക്ലി ഉപജില്ലാ വിദ്യാരംഗം സർഗോത്സവത്തിൽ രാമവിലാസം ചാമ്പ്യൻഷിപ്പ് നേടി . മലയാളം കഥ, കവിത, ചിത്രരചന, അഭിനയം – എന്നീ വിഭാഗങ്ങളിലെ ഒന്നാം സ്ഥാനമടക്കം മികച്ച പ്രക നത്തോടെയാണ് കഴിഞ്ഞ ദിവസം നടന്ന പ്രതിഭാസംഗമത്തിലെ ഉജ്ജ്വല വിജയം . കവിതാരചനയിൽ ആറാംതരത്തിലെ നൈനികജിയേഷ് ,കഥാരചനയിൽ പത്താംതരം വിദ്യാർഥിനി ആര്യ അരുൺ ,അഭിനയത്തിൽ ദേവനന്ദ പി കെ , ചിത്രരചനയിൽ ഒൾപതാംതരം വിദ്യാർഥിനി നിയകൃഷ്ണ എന്നിവരാണ് ഒന്നാം സ്ഥാനത്തോടെ ജില്ലാ മത്സരത്തിൽ പങ്കെടുക്കാൾ അർഹതനേടി വിദ്യാലയത്തിന്റെ അഭിമാനമായത് .**



### അനുസ്മരണം

മലയാളത്തിന്റെ പ്രിയസാഹിത്യകാരി പി വത്സലയെ അനുസ്മരിച്ച് വിദ്യാലയത്തിൽ ചടങ്ങ് സംഘടിപ്പിച്ചു .

### ഓർമ്മപ്പൂക്കൾ



സന്മയ

അരങ്ങിൽ പാതിപറഞ്ഞ കഥയുമായി തിരശ്ശീലയ്ക്കു പിന്നിലേക്ക് പോയ്മറഞ്ഞ പ്രിയ വിദ്യാർഥിനി .വിടരും മുമ്പേ കൊഴിഞ്ഞ പൂമൊട്ട് ...



## ജില്ലാതല മത്സരത്തിലേക്ക്...






# കായികം



അഭിനന്ദനങ്ങൾ...

കരിയാട് വച്ചു നടന്ന ചൊക്ലി സബ്ജില്ലാ
വോളിബോൾ ജൂനിയർ ബോയ്സ്
വിഭാഗത്തിൽ രാമവിലാസം HSS
ചാമ്പ്യന്മാർ

*Champions*







കലോത്സവം
ജില്ലാതല
മത്സരത്തിലേക്ക്...





കലോത്സവം
ജില്ലാതല
മത്സരത്തിലേക്ക്...

## ചാമ്പ്യന്മാരുടെ കളിക്കളം

















കലോത്സവം
ജില്ലാതല
മത്സരത്തിലേക്ക്...

